# വീക്ഷണം

HOME | KERALA | NATIONAL | INTERNATIONAL | PRAVASI | FASHION | BUSINE

HEALTH TECHNOLOGY LADIES CORNER EDUCATION OPPORTUNITY SUNDAY SUPPLEMENT

ശബരിമല വിശേഷം പരമ്പര

Kerala

Saturday, December 20, 2014


## 173 നീര ഉദ്പാദക ഫെഡറേഷനുകൾക്ക് സർക്കാർ ലൈസൻസ്



തിരുവനന്തപുരം: കേരളത്തിൽ നീര ഉദ്പാദനത്തിൽ പുതിയ വിപ്ലവത്തിനൊരുങ്ങി സർക്കാർ. ഇതിൻെറ ഭാഗമായി 173 നാളികേര ഉദ്പാദക ഫെഡറേഷനുകൾക്ക് സർക്കാർ ലൈസൻസ് അനുവദിച്ചു. നീര ചെത്തുന്ന തെങ്ങുകൾക്ക് എക്സൈസ് അനുമതി വേണമെങ്കിലും നീര വിപണനത്തിന് വകുപ്പിന്റെ നിയന്ത്രണമുണ്ടാകില്ല.മദ്യത്തിന്റെ അംശമില്ലാത്ത പോഷക പാനീയമെന്ന നിലയ്ക്കാണ് നീര വിപണിയിലെത്തുന്നത്. തെങ്ങിൻ പൂക്കുല ചെത്തി നീര സംസ്കരിച്ചെടുക്കാനും വിപണനം നടത്താനുമാണ് അനുമതി. ഇതിനായി അബ്കാരി നയത്തിൽ ഭേദഗതിയും വരുത്തിയിട്ടുണ്ട്.

വിപണനത്തിൽ നിയന്ത്രണമുണ്ടാകില്ലെങ്കിലും തെങ്ങുകൾ എക്സൈസ് വകുപ്പ് രേഖപ്പെടുത്തി നൽകും. കള്ളുഷാപ്പുകളിൽ വിൽപ്പന നടത്തരുതെന്നും തീരുമാനമുണ്ട്. നാൽപ്പത്തിമൂന്ന് ലക്ഷം തെങ്ങ് കർഷകരാണ് സംസ്ഥാനത്തുള്ളത്. ഒരു തെങ്ങിൽ നിന്ന് ശരാശരി ഒന്നര ലിറ്റർ നീര പ്രതിദിനം ഉദ്പാദിപ്പിക്കാമെന്നാണ് സർക്കാർ പ്രതീക്ഷ.